VOL. I, No.10
2023 July-December
1198-99 മിഥുനം-വൃശ്ചികം

**Included in UGC-CARE list**

**A peer reviewed research journal**

# ചെങ്ങഴി
# CHENGAZHI



# ഉള്ളടക്കം


നാട്യചരിതം: ഭാഷാപ്രയോഗങ്ങളുടെ ചലനാത്മകതയും ദൃശ്യാത്മകതയും

സി.ആർ. പ്രസാദ്

ഴാക് റാൻസിയെറെ: സൗന്ദര്യാത്മകതയും രാഷ്ട്രീയവും

പി. പവിത്രൻ

കവിതയും സ്വാതന്ത്ര്യവും: കുമാരനാശാൻ —ചില വിയോജന കുറിപ്പുകൾ

സജീവ് പി. വി.

ആൺകൂട്ടവും അധികാരവും: പാതിരാലീല എന്ന കഥയെ മുൻനിർത്തിയുള്ള പഠനം

ആർ. രാജശ്രീ

സിനിമാസിദ്ധാന്തങ്ങൾ—സാങ്കേതികതയും ചരിത്രവും

ഷീബ എം. കുര്യൻ

ഹിംസ/അഹിംസ—ഇരുപതാം നൂറ്റാണ്ടിന്റെ യക്ഷപ്രശ്നം

ജിഷ എലിസബത്ത് വർഗ്ഗീസ്

നിശ്ശബ്ദ നിലവിളികൾ: മലയാളിസ്ത്രീയുടെ എഴുത്തുജീവിതം

മിനി ആലീസ്

ആചാരപരിഷ്കരണവും ആധുനികീകരണപ്രക്രിയയും

ലിജി എൻ.

പലായനം വിമോചനം ദൈവികത

സ്വപ്ന ആന്റണി

യാത്രാസാഹിത്യവും എഴുത്തുപ്രമാണങ്ങളും

ജോസ് ജോർജ്

# പലായനം, വിമോചനം, ദൈവികത

## (പൗലോ കൊയ്‌ലോയുടെ ഫിഫ്റ്റ് മൗണ്ടൻ എന്ന കൃതിയെ മുൻനിർത്തിയുള്ള വായന)

സ്വപ്ന ആന്റണി

അസ്സോ. പ്രൊഫസർ, മലയാള വിഭാഗം, സി എ എസ് കോളേജ്, മാടായി

## പ്രബന്ധ സംഗ്രഹം

ഒരു ജനതയുടെ മേൽ അധീശവർഗ്ഗം അടിച്ചേൽപ്പിച്ച ദൈവസങ്കല്പത്തെ തിരസ്കരിച്ചതിന്റെ പേരിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട ഏലിയ ജന്മനാട്ടിൽ നിന്നു പലായനം ചെയ്യുന്നു. മരുഭൂമിയിലൂടെയുള്ള ദുരിതപൂർണമായ അലച്ചിലിനുശേഷം സറഫേത്തിൽ എത്തിച്ചേരുന്ന അയാൾ തന്റെ ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം തിരിച്ചറിയുന്നു. പ്രതിസന്ധികൾ നേരിടേണ്ടി വരുന്നുണ്ടെങ്കിലും അതിജീവനത്തിനായി ഏലിയാ നടത്തുന്ന പോരാട്ടങ്ങളിലൂടെ മനുഷ്യന്റെ ഇച്ഛാശക്തിയുടെ വിജയകഥ പറയുന്ന കൃതി ആണ് പൗലോ കൊയ്‌ലോയുടെ ഫിഫ്റ്റ് മൗണ്ടൻ. ഈശ്വരസങ്കൽപം വിമോചന സങ്കല്പമായി മാറ്റുന്നതോടൊപ്പം വിമോചനം എന്നാൽ അവനവനിൽ നിന്നുള്ള മോചനം ആണെന്ന് ഈ കൃതി പറയുന്നു. നിരന്തരം ആവർത്തിക്കപ്പെടുന്ന രാഷ്ട്രീയ അഭയാർത്ഥിത്വത്തിന്റെയും പലായനത്തിന്റെയും പശ്ചാത്തലത്തിൽ നിന്നുകൊണ്ട് പ്രസ്തുത കൃതിയെ വായിച്ചെടുക്കാൻ ശ്രമിക്കുകയാണ് ഈ പ്രബന്ധം

**താക്കോൽ വാക്കുകൾ:** അധിനിവേശം -തദ്ദേശീയത–പ്രാദേശികത–സ്വത്വം–വിമോചനം–അഭയാർത്ഥിത്വം–അധികാരം–പലായനം–വംശം–സംസ്കാരം–പ്രവാസം–അന്യഥാത്വം.

സ്ഥലകാലങ്ങളിൽ ചേർന്നു നിൽക്കുമ്പോഴാണ് മനുഷ്യന് അസ്തിത്വം ഉണ്ടാകുന്നത്. സ്വന്തം ദേശത്തു നിന്ന് നിരന്തരം ആട്ടിയോടിക്കപ്പെടുന്ന മനുഷ്യൻ സ്വന്തം അസ്തിത്വം നിഷേധിക്കപ്പെട്ട മനുഷ്യൻ കൂടിയാണ്. ജന്മദേശത്തിലേക്ക് തിരിച്ചെത്താനുള്ള അയാളുടെ അഭിവാഞ്ഛ അസ്തിത്വത്തിലേക്കുള്ള മടക്കമാണ്. നിരന്തരം സ്വന്തം ദേശത്തു നിന്നും അഭയാർത്ഥിയായി എത്തിയിടത്തുനിന്നും ദുരിതങ്ങൾ ഏറ്റുവാങ്ങിയ ഒരു മനുഷ്യൻ അവന്റെ ഉള്ളിലെ ദൈവത്തെ പ്രതി എങ്ങനെയാണ് പലായനത്തിന്റെ അവസ്ഥകളെ മറികടക്കുന്നത് എന്നാണ് ഫിഫ്ത്ത് മൗണ്ടൻ പറയുന്നത്.